## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5746 05.07.2013- ൽ മറുപടിക്ക്**

**കാലവർഷത്തിൽ കൊയിലാണ്ടിയിലെ നാശ നഷ്ടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഈ വർഷത്തെ കാലവർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ തീരപ്രദേശത്തും മറ്റ് പ്രദേശങ്ങളിലും വലിയ തോതിൽ നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ വർഷത്തെ കാലവർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ തീരപ്രദേശത്തും മറ്റു പ്രദേശങ്ങളിലുമായി ഇരിങ്ങൽ, തിക്കോടി, ചെങ്ങോട്ടുകാവ്, പന്തലായനി, വിയ്യൂർ, മൂടാടി, പയ്യോളി എന്നീ വില്ലേജുകളിലെ പരിധിയിൽ ഏകദേശം 53 വീടുകൾ ഭാഗികമായും 1 വീട് പൂർണ്ണമായും 3 കിണറുകളും നഷ്ടമായിട്ടുണ്ട്. |
| (ബി) | ധാരാളം വീടുകളിൽ വെള്ളം കയറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | വിയ്യൂർ, പന്തലായനി എന്നീ വില്ലേജുകളിൽപ്പെട്ട ചില പ്രദേശങ്ങളിൽ വീടുകളിൽ വെള്ളം കയറിയിരുന്നു. ബന്ധപ്പെട്ട ഇറിഗേഷൻ അധികൃതർ പരിശോധന നടത്തിയിട്ടുണ്ട്. |
| (സി) | നാശനഷ്ടത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എയിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; | (സി) | ലഭിച്ചിട്ടില്ല. |
| (ഡി) | നിവേദനം പരിഗണിച്ച് ദുരിതബാധിതർക്ക് സഹായം എത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ദുരിത ബാധിതർക്ക് ധനസഹായം എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ